പതിനാലാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.83 — 09.08.2017 ന് മറുപടിക്ക്

## വന്യമൃഗ ആക്രമണം ചെറുക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.പി.റ്റി.എ.റഹീം<br>ശ്രീ.കെ.വി.വിജയദാസ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്നതും മനുഷ്യരുമായി ഏറ്റുമുട്ടൽ ഉണ്ടാകുന്നതും ഫലപ്രദമായി ചെറുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്നതും മനുഷ്യരുമായി ഏറ്റുമുട്ടൽ ഉണ്ടാകുന്നതും ഫലപ്രദമായി ചെറുക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.<br>2. വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.<br>3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.<br>5.പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.<br>6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br>8. വന്യജീവി ആക്രമണം മൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.<br>9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും, ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും |

വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10 ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.

11. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) ഇതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷനായി ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ട്.

(സി) കാട്ടുമൃഗങ്ങളുടെ ശല്യം കൂടുതലുള്ള വയനാട്, മൂന്നാർ വനമേഖലകളിൽ വന്യജീവി സാന്നിധ്യം അറിയിക്കുന്നതിന് എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) പ്രസ്തുത പ്രദേശങ്ങളിൽ റെയിൽ ഫെൻസിംഗ് പോലുള്ള ഫലപ്രദമായ മാർഗ്ഗങ്ങൾ അവലംബിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ആദ്യഘട്ടമായി വയനാട് ജില്ലയിൽ 6.085 കിലോമീറ്ററിൽ റെയിൽ ഫെൻസിംഗ് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) വന്യജീവികളുടെ ആക്രമണത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(ഇ) ഉണ്ട്.

1980-ലെ കേരള റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് വൈൽഡ് ലൈഫ് അറ്റാക്ക് പ്രകാരം വന്യജീവി ആക്രമണം മൂലം നഷ്ടം സംഭവിക്കുന്നവർക്ക് നൽകി വരുന്ന നഷ്ടപരിഹാരത്തുകയുടെ വിതരണ നടപടികൾ 01.08.2016 മുതൽ നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC) വികസിപ്പിച്ചെടുത്ത ഇ-ഡിസ്ട്രിക്ട് സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ ആയിട്ടാണ് നിർവ്വഹിക്കുന്നത്. നഷ്ടപരിഹാരത്തിനായി ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷകൻ അക്ഷയ സെന്റർ മുഖേനയോ, ഇ-ഡിസ്ട്രിക്ട് വെബ്സൈറ്റ് വഴിയോ, ബന്ധപ്പെട്ട സ്ഥലത്ത് അധികാരപരിധിയുള്ള ടെറിറ്റോറിയൽ/വൈൽഡ് ലൈഫ് റെയിഞ്ച് ഫോറസ്റ്റാഫീസർക്ക് അപേക്ഷ സമർപ്പിക്കണം. നഷ്ടപരിഹാരം അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

സെക്ഷൻ ഓഫീസർ.